**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 356** **04-10-2021 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ഫണ്ട് അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ഫണ്ട് അനുവദിച്ച പ്രവൃത്തികൾ ആരംഭിച്ച ശേഷം നിർമ്മാണ വേളയിൽ ഉണ്ടാകുന്ന എസ്റ്റിമേറ്റ് ഭേദഗതികൾക്ക് എം.എൽ.എ. മാരുടെ അനുമതി കത്ത് ആവശ്യമാണോയെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകൾ/ സർക്കുലറുകൾ നിലവിലുണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) | നിർമ്മാണ വേളയിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ നിന്നും പ്രവൃത്തിയ്ക്ക് ഘടനാപരമായ വ്യത്യാസങ്ങൾ വരുത്തേണ്ടി വരുന്ന സാഹചര്യത്തിൽ, എം.എൽഎ യുടെ ശുപാർശ കത്ത് ആവശ്യപ്പെടാറുണ്ട്. സർക്കാർ ഉത്തരവ് 119/2018/ധന തീയതി 04/08/2018 പ്രകാരം സ്ഥലത്തിലെ മാറ്റങ്ങൾ, പ്രവൃത്തി ടി സ്ഥലത്ത് അനിവാര്യമല്ലാതെ വരിക എന്നീ സാഹചര്യത്തിൽ എം.എൽ.എ യ്ക്ക് റിപ്പോർട്ട് ചെയ്യണം എന്ന് വിശദമാക്കുന്നുണ്ട്. |
| (ബി) | തികച്ചും സാങ്കേതികപരമായ കാര്യങ്ങൾക്ക് എഞ്ചിനീയർമാരുടെ അനുമതി മാത്രം മതിയെന്നിരിക്കെ പ്രവൃത്തികളിലെ ചെറുതും വലുതുമായ ഭേദഗതികൾക്ക് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം എം.എൽ.എ.മാരുടെ കത്ത് ആവശ്യപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നതും പൂർത്തീകരിച്ച പ്രവൃത്തികളിൽ കരാറുകാർക്ക് ബിൽ മാറി നൽകുന്നത് താമസിപ്പിക്കുന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | പ്രവൃത്തികളുടെ സ്വഭാവത്തിൽ തന്നെ വലിയ വ്യത്യാസങ്ങൾ വരുത്തുകയാണെങ്കിൽ മാത്രം കത്ത് മുഖേന എം.എൽ.എ.യെ അറിയിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; നടപടിക്രമം സംബന്ധിച്ച് വകുപ്പ് വ്യക്തത വരുത്തുമോ; വിശദമാക്കാമോ? | (സി) | നിലവിൽ പ്രവൃത്തികളുടെ സ്വഭാവത്തിൽ വ്യത്യാസം വരുത്തുകയാണെങ്കിൽ മാത്രമാണ് കത്ത് മുഖേന എം.എൽ.എ യെ അറിയിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നത് |

സെക്ഷൻ ഓഫീസർ